**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2514** **23-02-2026 - ൽ മറുപടിയ്ക്ക്**

**കൊച്ചി, ബംഗളൂരു വ്യവസായ ഇടനാഴിയുടെ രണ്ടാംഘട്ട പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി, ബംഗളൂരു വ്യവസായ ഇടനാഴിയുടെ രണ്ടാംഘട്ട പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | പാലക്കാട് ഐ.എം.സി.യുടെ (ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്റർ) രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി പുതുശ്ശേരി വെസ്റ്റിലെ ഭൂമിയേറ്റെടുപ്പും ഐ.എം.സി. പുതുശ്ശേരി സെൻട്രൽ, കണ്ണമ്പ്ര ലാൻഡ്സ്കേപ്പ് പ്രവൃത്തികളും, പുതുശ്ശേരി സെൻട്രൽ പദ്ധതിപ്രദേശത്ത് അഡ്മിൻ ഓഫീസ് നിർമ്മാണവും ICT സംവിധാനങ്ങളുടെ വികസനവും ഉൾപ്പെടുന്നു.<br><br>NICDCയുടെ ഭാഗത്ത് നിന്ന് അഹമ്മദാബാദ് ആസ്ഥാനമാക്കിയ CEPT സർവകലാശാല മുഖേന പുതുശ്ശേരി സെൻട്രലിൽ 30,000 ചതുരശ്ര അടിയുള്ള അഡ്മിൻ ഓഫീസ് നിർമാണത്തിനുള്ള ടെൻഡർ നടപടി പുരോഗമിക്കുന്നു.<br><br>പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (IMC) പദ്ധതിയുടെ രണ്ടാം ഘട്ട ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി പുതുശ്ശേരി വെസ്റ്റ് പ്രദേശത്തുള്ള 375 ഏക്കർ വിസ്തൃതിയുള്ള സ്ഥലം IMC വികസനത്തിനായി ഇതിനോടകം തിരഞ്ഞെടുത്തിട്ടുണ്ട്. അതിൽ നിന്നും 198 ഏക്കർ ഭൂമി വ്യവസായ വികസനത്തിനായി നിശ്ചയിക്കുകയും ഭൂമിയുടെ ഏറ്റെടുപ്പ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ